# കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ക്ലിപ്തം കൊല്ലം
# 2018 സീസണിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ശേഖരി ക്കുന്ന തോട്ടണ്ടി, കോർപ്പറേഷന് വിലയ്ക്കു നൽകുന്നതിനുള്ള ടെൻഡർ വ്യവസ്ഥകൾ

**Tender ID:2018_KSCDC_200231_1**

1. ഈ നോട്ടീസിൽപറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ക്വൊട്ടേഷൻ നോട്ടീസ്, ഇ–ടെന്റർ ഫോം മുതലായവ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് Up load ചെയ്യേണ്ടതാണ്.
2. നൽകുന്ന തോട്ടണ്ടി പച്ചയാണ് എന്ന് വ്യക്തമായി കാണിച്ചിരിക്കണം ഏറ്റവും കുറഞ്ഞത് 1000 മെ.ടൺ (100 ലോഡ്) തോട്ടണ്ടി നിശ്ചിത സമയപരിധിക്കുള്ളിൽ നൽകിയിരിക്കണം.( മാക്സിമം 2000 മെട്രിക് ടൺ)
3. 80 കിലോഗ്രം നിറച്ച ചാക്കിലെ തോട്ടണ്ടിയിൽ നിന്ന് എത്ര പൗണ്ട് പരിപ്പ് ലഭ്യമാകുമെന്ന് ഔട്ടേണിൽ കാണിച്ചിരിക്കണം.
4. ഒരു കിലോ തോട്ടണ്ടിയിൽ എത്രയെണ്ണം ഉണ്ടാകുമെന്ന് കാണിച്ചിരിക്കണം. ഇത്ര മുതൽ ഇത്ര വരെ എന്നെഴുതിയാൽ കുറവുള്ള എണ്ണമേ കണക്കിലെടുക്കുകയുള്ളൂ.
5. കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം (കിളിമാനൂർ) ഫാക്ടറികളിൽ ഇറക്കുന്നതിനുള്ള (ഇറക്കുകൂലി സഹിതം)1 (ഒരു) കിലോയ്ക്ക് വില GST ഒഴികെ എത്ര രൂപയെന്ന കണക്കിലാണ് BOQ വിൽ കാണിക്കേണ്ടത്.
6. ടെൻഡർ ഫോമിൽ സൂചിപ്പിച്ചിരിക്കുന്ന ഔട്ടേണും കൗണ്ടും മാത്രമേ ടെൻഡർ ഫൈനലൈസേഷനു പരിഗണിക്കുകയുള്ളു. ഇതിനു വ്യത്യസ്തമായി BOQ- ൽ കാണിച്ചാൽ ആയത് പരിഗണിക്കുകയില്ല .
7. സപ്ലൈയറെ അറിയിച്ച്, കൊണ്ടുവരുന്ന തോട്ടണ്ടിയിൽ നിന്ന് സർവ്വയർ സാമ്പിളുകൾ ശേഖരിച്ച് കമ്പനി നിയമിക്കുന്ന സ്വതന്ത്ര ഏജൻസിയെ(RBS) കൊണ്ട് കട്ടിംഗ് ടെസ്റ്റ് നടത്തുന്നതായിരിക്കും. കട്ടിംഗ് ടെസ്റ്റിനു വേണ്ടി സർവ്വയർ തോട്ടണ്ടി ശേഖരിക്കുന്നത് ഫാക്ടറികളിൽ/യാർഡിൽ തോട്ടണ്ടി ഉണങ്ങിയതിനുശേഷം മാത്രമായിരിക്കും. തൽസമയം തോട്ടണ്ടി നൽകുന്നവരുടെയും കമ്പനിയുടെയും പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതാണ്.
8. BOQ -ൽ സൂചിപ്പിച്ചിരിക്കുന്ന outturn യഥാർത്ഥത്തിൽ ഉണങ്ങിയ തോട്ടണ്ടിയിൽ നിന്ന് കട്ടിംഗ് ടെസ്റ്റിൽ ലഭിക്കേണ്ടവയാണ്. കൂടാതെ BOQ -ൽ സൂചിപ്പിച്ചിരിക്കുന്ന count പച്ച തോട്ടണ്ടിയുടെത് ആണ്. മാക്സിമം 7% Count അധികമായി ഉണക്കിയ തോട്ടണ്ടിയിൽ പരിഗണിക്കുന്നതാണ്.
9. കട്ടിംഗ് ടെസ്റ്റിൽ ഔട്ടേൺ കരാർ ചെയ്തതിൽ നിന്നു കുറവായി കണ്ടാൽ, ആദ്യത്തെ രണ്ട് പൗണ്ടിന്, ആനുപാതികവും പിന്നീട് വരുന്ന ഓരോ പൗണ്ടിനും ഇരട്ടിയായും വിലയിൽ കുറവു വരുത്തുന്നതാണ്. കൂടാതെ ഗുണമേന്മ, പരിപ്പിന്റെ എണ്ണം, തൂക്കം മുതലായവയ്ക്കും കുറവു വന്നാൽ, ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ്. ഫൊറിൻ മാറ്റർ ഉണ്ടെങ്കിൽ, ആയതിനും വിലയിൽ കുറവ് വരുത്തുന്നതായിരിക്കും.
10. തോട്ടണ്ടിയുടെ ഗുണമേന്മ നിശ്ചയിക്കുന്നതിന് നല്ല പരിപ്പിന്റെ മുഴുവൻ തൂക്കവും ഭാഗീഗമായി കേട്, പുഴുക്കുത്ത്, പിരിവാല് എന്നീ പരിപ്പിന്റെ 50% മാത്രം തൂക്കവും കണക്കിലെടുക്കുന്നതാണ്.

11. കരാറിൽ പറഞ്ഞ കൗണ്ടിൽ കൂടുതലൂണ്ടാകുന്ന ഓരോ കൗണ്ടിനും അനുപാതികമായി വിലകുറയ്ക്കുന്നതാണ്.

12. സപ്ലെയറെ അറിയിച്ച് തോട്ടണ്ടി ഇറക്കേണ്ട ഫാക്ടറിയുടെ ഏറ്റവും അടുത്തുള്ള വേബ്രി ഡ്ജിൽ തൂക്കം നോക്കുന്നതായിരിക്കും.

13. കട്ടിംഗ് ടെസ്റ്റിൽ പാകമാകാത്ത തോട്ടണ്ടി, കേട്, അഴുകിയത് (പൂർണമായും), ഭാഗീക മായി കേടുവന്നത്, പുഴുക്കുത്ത്, പിരിവാൽ (50%) എന്ന് കണക്കിലെടുക്കുന്നതായി രിക്കും. ഇവ (റിജക്ഷൻ) 10% നും 15% നും ഇടയിൽ വന്നാൽ, ആനുപാതികമായി വി ലയിൽ കുറവ് വരുത്തുന്നതാണ് . കട്ടിംഗ് ടെസ്റ്റിൽ 15% ത്തിൽ കൂടുതൽ റിജക്ഷൻ (ഡിഫക്ടീവ് നട്സ്) വന്നാൽ പിന്നീട് (10% നു മുകളിൽ) ഇരട്ടിയായും വിലയിൽ കുറ വ് വരുത്തുന്നതാണ്. ഈർപ്പം പരമാവധി 10%, ആകാം. ഫോറിൻ മാറ്റർ കാണരുത്.

14. ഉണക്കിയ തോട്ടണ്ടിയിൽ 10% ൽ കൂടുതൽ ഈർപ്പമുണ്ടായാൽ, ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ്. പച്ച തോട്ടണ്ടിയിൽ 7% ത്തിൽ കുടുതൽ ഡ്രേയേജ് അനുവദിക്കുന്നതല്ല. കൂടുതൽ കണ്ടാൽ ആനുപാതികമായി വിലയിൽ കുറവ് വരുത്തു ന്നതാണ്.

15. അതാത് ഫാക്ടറികളിൽ ലഭിക്കുന്ന തോട്ടണ്ടിയുടെ വിലയുടെ 80% പ്രൊഡക്ഷൻ മാനേ ജരുടെ സ്റ്റോക്ക് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷവും ബാക്കി 20% ഗുണമേന്മാ മൂല്യനിർണ്ണയ (പരിശോധന) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോൺട്രാക്ടിനു വിധേയമായും നൽകുന്നതാണ്.

16. ദർഘാസ് ഓൺലൈനിൽ സ്വീകരിക്കുന്ന അവസാന തീയതി 19.04.2018, 5.00 pm നും ടെൻഡർ തുറക്കുന്നത് 23.04.2018 10.00 amനുമായിരിക്കും. കശുവണ്ടി സപ്ലൈ ചെയ്യുന്നത് 20/05/2018 നു മുൻപ് പൂർത്തിയായിരിക്കണം ഇ.എം.ഡി. ₹.2,00,000/- ഓൺ ലൈൻ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ.

17. GST രജിസ്ട്രേഷൻ നമ്പറുള്ള രജിസ്റ്റേഡ് ഡീലറായിരിക്കണം സപ്ലെയർ. ടെൻഡർ അം ഗീകരിച്ച് കിട്ടുന്ന പാർട്ടി 3 ദിവസത്തിനകം 5,00,000/- രൂപയുടെ (അഞ്ച് ലക്ഷം)കരു തൽ ധനം (SD) അടയ്ക്കേണ്ടതാണ്. EMD സെക്യൂരിറ്റിത്തുകയിൽ അഡ്ജസ്റ്റ് ചെയ്യുന്ന തായിരിക്കും.കോൺട്രാക്ട് വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ കരുതൽ ധനം(₹700000/-) കോർപ്പറേഷൻ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

18. ആവശ്യമെങ്കിൽ ടെൻഡറിൽ ലഭിക്കുന്ന തുല്യമായ വിലകൾ മാനുവലായി വിശകലനം ചെയ്ത് കൗണ്ടിന്റേയും ഔട്ടേണിന്റേയും അടിസ്ഥാനത്തിൽ L1- നെ തീരുമാനിക്കുന്ന തായിരിക്കും.

19. തരുന്ന ടെൻഡർ നെഗോഷ്യേറ്റ് ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും നിരാകരിക്കു ന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർ/ ബോർഡ് ഓഫ് ഡയറക്റ്റേഴ്സിൽ നിക്ഷിപ്തമാണ്.

സ്ഥലം : കൊല്ലം
തീയതി : 09/04/2018

sd/-
മാനേജിംഗ് ഡയറക്ടർ